13-ാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3960 — 31.01.2014-ൽ മറുപടിയ്ക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ സൂക്ഷിക്കുന്നത് ഉറപ്പ് വരുത്താൻ മോണിട്ടറിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. പാലോട് രവി<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീർക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) പൊതുമേഖലാ സ്ഥാപനങ്ങളിലും വ്യവസായ വകുപ്പിലും ഇതിന് വേണ്ടി എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ; | (എ), (ബി) & (സി)<br>വ്യവസായ വകുപ്പിനു കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ മാർച്ച് മാസം തന്നെ പൂർത്തികരിച്ച് ഏപ്രിൽ മാസത്തോട് കൂടി അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നിരുന്നാലും ആഡിറ്റ് കുടിശ്ശികയുള്ള കമ്പനികളിൽ അക്കൗണ്ട്സ് വാർഷിക പൊതു യോഗത്തിൽ വച്ച് അംഗീകരിക്കുന്നതിലുള്ള താമസവും, മറ്റുചില സാങ്കേതിക കാരണങ്ങളാലും ചില കമ്പനികളിൽ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് തീർക്കുന്നതിൽ കാലതാമസംനേരിട്ടിരുന്നു. ഇത് പരിഹരിക്കുന്നതിനായി വകുപ്പു തലത്തിൽ വിവിധ ഇടപെടലുകൾ നടന്നു വരുന്നു. അതുകൂടാതെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി തീർക്കുന്നതിന് ആഡിറ്റ് കുടിശ്ശികയുള്ള കമ്പനികളെ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നു. പൊതുമേഖലാസ്ഥാപനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പു വരുത്തുന്നതിനും കണക്കുകൾ കൃത്യസമയത്ത് |

പൂർത്തീകരിക്കുന്നതിനുമായി എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നറിയാൻ ഗവൺമെന്റ് തലത്തിൽ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) വ്യവസായ വകുപ്പിനു കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി പൂത്തിയാക്കുന്നതിനുവേണ്ടി RIAB മുഖേന മോണിറ്റർ ചെയ്തു വരുന്നു. കമ്പനികളിലെ ഇന്റേണൽ ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചാർട്ടേഡ് അക്കൗണ്ടന്റ്സിന്റെ അംഗീകരിച്ച പാനലിൽ നിന്നുമാത്രമേ ഇന്റേണൽ ആഡിറ്റേഴ്സിനെ നിയമിക്കാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ന്റെ ഓഫീസ് മുഖേന നടത്തുന്ന കൊമേഴ്സ്യൽ ആഡിറ്റ് സംവിധാനം നിലവിലുണ്ട്. വകുപ്പു തലത്തിലും, ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം മുഖേനയും പരിശോധനകൾ നടത്താറുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഇന്റർനെറ്റ് അധിഷ്ടിത വെബ് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം RIAB മുഖേന ശക്തിപ്പെടുത്തിയിട്ടുണ്ട്.

Hanu
സെക്ഷൻ ഓഫീസർ